(ഡി)&(ഇ) വികസന പദ്ധതികൾക്ക് വിദേശ ഏജൻസികളുടെ സാങ്കേതിക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ വിദേശ സാമ്പത്തിക സഹായം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

(എഫ്)ഇക്കാര്യത്തിൽ ഏതെങ്കിലും വിദേശ ഏജൻസികളുമായി ചർച്ച നടത്തിയിട്ടില്ല.

(ജി) വിദേശ സാങ്കേതിക സഹായം വികസന പദ്ധതികൾക്ക് അത്യന്താപേക്ഷിതമാണ്. എന്നാൽ വിദേശ സാമ്പത്തിക സഹായം ഇപ്പോൾ പ്രതീക്ഷിക്കുന്നില്ല.

(എച്ച്) മൂലധനം 30.93 കോടി രൂപ.

(ഐ) ഉണ്ട്.

(ജെ) പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഠന റിപ്പോർട്ടിന് വിധേയമായിട്ടായിരിക്കും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(കെ) വികസനം നടപ്പാക്കുന്നതുമൂലം ഉദ്ദേശം 500 പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

23 (*143) ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് അവരുടെ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് ഇന്ന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പട്ടയം നൽകി; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) വനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സം ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഭൂരഹിതർക്ക് നൽകേണ്ട മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി എത്ര ഹെക്ടർ ഭൂമി നീക്കിവച്ചിട്ടുണ്ട്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 1960-ൽ നിലവിൽ വന്ന കേരള ഭൂമി പതിവ് നിയമത്തിന്റെ 7-ാം വകുപ്പിൽ നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചു നിർമ്മിച്ചിട്ടുള്ള വിവിധ ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമികളിൽ വർഷങ്ങളായി താസമിച്ചുവരുന്നവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഭൂമി പതിച്ചുനൽകുന്നതിനുള്ള ചട്ടങ്ങൾ, ലക്ഷംവീട് കോളനിയിലെ താമസക്കാർക്ക് പട്ടയങ്ങൾ നൽകുന്ന പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിത തൊഴിലാളികൾക്ക് പട്ടയം നൽകുന്ന പദ്ധതി, എന്നിവ പ്രകാരം 64081 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

(സി) 1.1.1977-ന് മുൻപായി വനഭൂമി കൈയേറി താമസിക്കുന്നവർക്ക് കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിയോടുകൂടി 28588.159 ഹെക്ടർ സ്ഥലം കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലായി പതിച്ചുനൽകാൻ നടപടി തുടർന്നുവരുന്നു. മറ്റ് ജില്ലകളിലുള്ള 1.1.1977-ന് മുൻപുള്ള കൈയേറ്റങ്ങൾ ക്രമവൽക്കരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. 1.1.1977 ന് ശേഷമുള്ള കയ്യേറ്റങ്ങൾ ക്രമവൽക്കരിക്കാൻ വ്യവസ്ഥയില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്കായി സംസ്ഥാനത്ത് 230 ഹെക്ടർ മിച്ചഭൂമി നീക്കിവച്ചിട്ടുണ്ട്.

24 (*144) പാർവ്വതീപുത്തനാർ ശുചീകരിക്കുവാൻ കേന്ദ്രഗവണ്മെന്റ് സഹായം

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പാർവ്വതീപുത്തനാർ ശുചീകരിക്കുവാൻ കേന്ദ്ര ഗവണ്മെന്റ് എന്തെങ്കിലും സാമ്പത്തികസഹായം നല്കിയിരുന്നുവോ; എങ്കിൽ എന്തു തുക നൽകി;

(ബി) ഇതനുസരിച്ച് എന്തെല്ലാം ശുചീകരണപ്രവർത്തനങ്ങൾ നടത്തിയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുവരെ നടത്തിയ ശുചീകരണപ്രവർത്തനങ്ങൾക്ക് എന്ത് ചെലവു വന്നു;

(ഡി) ഇപ്പോൾ പാർവ്വതീപുത്തനാർ ശുചീകരിക്കപ്പെട്ട നിലയിലാണോ എന്ന് വിശദീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) പാർവ്വതീപുത്തനാർ ശുചീകരണത്തിന് കേന്ദ്ര ഗവണ്മെന്റിൽ നിന്നും സാമ്പത്തിക സഹായം ഒന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) പാർവ്വതീ പുത്തനാർ ശുചീകരണത്തിന് തിരുവനന്തപുരം നഗരസഭ ഇതുവരെ 1,58,175 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പാർവ്വതീപുത്തനാർ ഇപ്പോൾ ശുചീകരിക്കപ്പെട്ട നിലയിൽ അല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly